16

## അന്നം

തൃശ്ശിവപേരൂർ പൂരപ്പറമ്പു കടന്നു ഞാൻ
ഒട്ടിയ വയറുമായുച്ചയ്ക്കു കേറിച്ചെന്നു.
"ഇത്രമാത്രമേ ബാക്കി"യെന്നോതി വൈലോപ്പിള്ളി
ഇത്തിരി ചോറും മോരുമുപ്പിലിട്ടതും തന്നു.

ഞാനുണ്ണുന്നതു നോക്കിനില്ക്കുമ്പോൾ മഹാകവി
താനറിയാതെ കുറച്ചുറക്കെപ്പറഞ്ഞുപോയ്;
"ആരു പെറ്റതാണാവോ പാവമിച്ചെറുക്കനെ.
ആരാകിലെന്ത്? അപ്പെണ്ണിൻ ജാതകം മഹാ കഷ്ടം."

എനിക്കു ചിരി വന്നു; ബാഹുകദിനമുന്തി-
ക്കഴിക്കുമവിടുത്തെജ്ജാതകം ബഹുകേമം!

"കൂടൽമാണിക്യത്തിലെസ്സദ്യ നീയുണ്ടിട്ടുണ്ടോ?
പാടി ഞാൻ പുകഴ്ത്താം, കെങ്കേമമപ്പുളിങ്കറി."

അപ്പൊഴെൻ മുന്നിൽനിന്നു മാഞ്ഞുപോയ്
വൈലോപ്പിള്ളി.

മറ്റൊരു രംഗം കണ്ണിൽത്തെളിഞ്ഞു; പറഞ്ഞു ഞാൻ:

"വംഗസാഗരത്തിൻെറ കരയിൽ ശ്മശാനത്തിൽ
അന്തിതൻ ചുടല വെന്തടങ്ങും നേരത്തിങ്കൽ

69000-

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ

ബന്ധുക്കൾ മരിച്ചവർക്കന്തിമാന്നമായ് വെച്ച
മൺകലത്തിലെച്ചോറു തിന്നതു ഞാനോർക്കുന്നു."

മിണ്ടിയില്ലൊന്നും, ചെന്നു തൻ ചാരുകസാലയിൽ
ച്ചിന്തപൂണ്ടവിടുന്നു കിടന്നൂ കുറച്ചിട.

ഇന്നെനിക്കറിയാം; അക്കിടപ്പിലുണർന്നില്ലേ
അങ്ങതന്നുള്ളിൽജ്ജഗദ്ഭക്ഷകനാകും കാലം!

*(1998)*

OO